# <u>കാറ്റഗറി നമ്പർ 245/2020</u>

കേരള സർക്കാർ സർവ്വീസിൽ താഴെ പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈനായി മാത്രം അപേക്ഷകൾ ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ (www.keralapsc.gov.in) ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്തതിന് ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്തവർക്ക് അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കാവുന്നതാണ്. <u>ആധാർ നമ്പർ ലഭ്യമായിട്ടുള്ളവർ ആയത് പ്രൊഫൈലിൽ തിരിച്ചറിയൽ രേഖയായി ഉൾപ്പെടുത്തേണ്ടതാണ്.</u>

| | | | |
|---|---|---|---|
| 1. | വകുപ്പ് | : | ഫയർ ആന്റ് റെസ്ക്യൂ സർവീസസ് |
| 2. | ഉദ്യോഗപ്പേര് | : | ഫയർവുമൺ (ട്രെയിനി) |
| 3. | ശമ്പളം | : | **Rs 20,000 – 45,800/-** |
| 4. | ഒഴിവുകളുടെ എണ്ണം | : | ജില്ലാടിസ്ഥാനത്തിൽ |

1. തിരുവനന്തപുരം – 15
2. കൊല്ലം – 5
3. പത്തനംതിട്ട – 5
4. ആലപ്പുഴ – 5
5. കോട്ടയം – 5
6. ഇടുക്കി – 5
7. എറണാകുളം – 15
8. തൃശ്ശൂർ – 5
9. പാലക്കാട് – 5
10. മലപ്പുറം – 5
11. കോഴിക്കോട് – 15
12. വയനാട് – 5
13. കണ്ണൂർ – 5
14. കാസർഗോഡ് – 5

കുറിപ്പ് **I:-** 10.10.2018 ലെ G.O(Ms)No. 161/18/Home, 21.08.2019 ലെ ജി.ഒ.(എം.എസ്) നമ്പർ. 128/2019/Home & 18.06.2020 ലെ G.O(MS)No.128/2020/Home എന്നിവ പ്രകാരമാണ് ഈ തസ്തികയുടെ പേര്, വിദ്യാഭ്യാസ യോഗ്യത, വയസ്സ് എന്നിവ വിജ്ഞാപനം ചെയ്തിരിക്കുന്നത്.

കുറിപ്പ് **II:-** ഉദ്യോഗാർത്ഥികളുടെ എസ്.എസ്.എൽ.സി ബുക്കിലെ ജാതി സംബന്ധിച്ച രേഖപ്പെടുത്തലിൽ വ്യത്യാസം ഉണ്ടാകുന്ന സാഹചര്യത്തിൽ അപേക്ഷയിൽ അവകാശപ്പെട്ടിട്ടുള്ള ജാതി തെളിയിക്കുന്നതിന് റവന്യൂ അധികാരി നൽകുന്ന ജാതി സർട്ടിഫിക്കറ്റ്/നോൺ ക്രിമീലെയർ സർട്ടിഫിക്കറ്റ് എന്നതിനോടൊപ്പം ഇത് സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി തെരഞ്ഞെടുപ്പിന്റെ വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.

കുറിപ്പ് **iii:-** ഈ വിജ്ഞാപനപ്രകാരം ഒരു ഉദ്യോഗാർത്ഥി ഏതെങ്കിലും ഒരു ജില്ലയിലേക്ക് മാത്രമേ അപേക്ഷിക്കുവാൻ പാടുള്ളൂ. ആയതിന് വിരുദ്ധമായി അപേക്ഷകൾ സമർപ്പിക്കുകയും തുടർന്ന് തെരഞ്ഞെടുക്കപ്പെടുകയും ചെയ്യുന്ന പക്ഷം ടിയാളെ റാങ്ക് പട്ടികയിൽ നിന്ന് നീക്കം ചെയ്യുന്നതും ടിയാൾക്ക് എതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

കുറിപ്പ് **iV:-** ഈ വിജ്ഞാപന പ്രകാരം ജില്ലാടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി, റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷമായിരിക്കും. [04.04.2016 തീയതിയിലെ AV(2) 2376/14/GW നമ്പർ വിജ്ഞാപനം അസാധാരണ ഗസറ്റ് തീയതി 15.04.2016]. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ലിസ്റ്റ് പ്രാബല്യത്തിൽ ഇരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് നിയമനശിപാർശ നടത്തുന്നതാണ്.

കുറിപ്പ് **v:-** ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971- ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതാണ്.

**5.** നിയമനരീതി : നേരിട്ടുള്ള നിയമനം **(**വനിതാ ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം**)**

കുറിപ്പ് : ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

**6.** പ്രായപരിധി : **18 -26**

ഉദ്യോഗാർത്ഥികൾ 02/01/1994-നും 01/01/2002 -നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലു ള്ളവർക്കും മറ്റു പിന്നോക്ക വിഭാഗത്തിൽ പ്പെട്ടവർക്കും പട്ടികജാതി യിൽ നിന്നും മത പരിവർത്തനം ചെയ്യപ്പെട്ടവർക്കും ജനറൽ റൂൾസിലെ റൂൾ 10 ലെ സബ് റൂൾ(സി) അനുസരിച്ചിട്ടുള്ള നിയമാനുസൃത ഇളവുണ്ടായിരിക്കും . വയസ്സി ളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾ ഈ തസ്തികയ്ക്ക് ബാധകമല്ല.

**7.** യോഗ്യതകൾ

i അവശ്യ യോഗ്യത

a. പ്ലസ് ടു അല്ലെങ്കിൽ തത്തുല്യമായ പരീക്ഷ ജയിച്ചിരിക്കണം.

കുറിപ്പ്: (KS & SSR Part II Rule 10(a)(ii) ബാധകമായിരിക്കുന്നതാണ്.)

b. പാദരക്ഷകളില്ലാതെ 152 സെ.മീറ്ററിൽ കുറയാത്ത ഉയരം ഉണ്ടായിരിക്കേണ്ടതാണ്.

കുറിപ്പ്: പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞത് 150 സെ.മീ ഉയരം ഉണ്ടായിരിക്കേണ്ടതാണ്.

c. നീന്തലിൽ പ്രാവീണ്യം ഉണ്ടായിരിക്കണം

d. കണ്ണട കൂടാതെ തന്നെ താഴെ പറയുന്ന രീതിയിൽ കാഴ്ചശക്തി ഉണ്ടായിരിക്കണം.

| | കാഴ്ച | വലതുകണ്ണ് | ഇടതു കണ്ണ് |
|---|---|---|---|
| (1) | ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| (2) | സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

(3) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം. വർണ്ണാന്ധത, കോങ്കണ്ണ് അല്ലെങ്കിൽ കണ്ണുകളുടെയോ കൺപോളകളുടെയോ അനാരോഗ്യകരം ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

e. മിനിമം കായികക്ഷമതാ നിർണ്ണയിക്കുന്നതിനായി കമ്മീഷൻനടത്തുന്ന കായിക ക്ഷമതാ പരീക്ഷയിൽ ഉദ്യോഗാർത്ഥികൾ താഴെ കൊടുത്തിരിക്കുന്ന 8 ഇനങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം. കൂടാതെ ഉദ്യോഗാർത്ഥിയുടെ ശാരീരികക്ഷമത, കായികശേഷി, ആയാസകരമായ പുറം ജോലികൾ ചെയ്യുന്നതിനുള്ള പ്രാപ്തി എന്നിവ സംബന്ധിച്ച് സിവിൽ സർജനിൽ താഴെയല്ലാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

| ക്രമ നമ്പർ | ഇനങ്ങൾ | വൺ സ്റ്റാർ നിലവാരം |
|---|---|---|
| 1. | 100 മീറ്റർ ഓട്ടം | 17 സെക്കന്റ് |
| 2. | ഹൈ ജംപ് | 106.00 സെ.മീ. |
| 3. | ലോംഗ് ജംപ് | 305.00 സെ.മീ. |
| 4. | പുട്ടിംഗ് ദ ഷോട്ട് (4 കിലോ ഗ്രാം) | 488.00 സെ.മീ. |
| 5. | 200 മീ ഓട്ടം | 36 സെക്കന്റ് |
| 6. | ത്രോയിംഗ് ദ ത്രോബാൾ | 14 മീറ്റർ |
| 7. | ഷട്ടിൽ റേസ് (4 X 25 മീ) | 26 സെക്കന്റ് |
| 8. | സ്കിപ്പിങ്ങ് (ഒരു മിനിട്ട്) | 80 തവണ |

ii . മുൻഗണന : കംപ്യൂട്ടർ ആപ്ലിക്കേഷനിലുള്ള ഡിപ്ലോമ.

## FORM OF MEDICAL CERTIFICATE

*(To be obtained from Medical Officer not below the rank of a Civil Surgeon)*

I have this day, medically examined Smt/Kumari ....................................................... ………………………………………………………..(Name & Address) and found that she has no disease or infirmity, which would render her unsuitable for Government Service. Her age, according to her own statement is ...............and by appearance is ..................... and her standards of vision (without glasses) are as follows: -

### STANDARDS OF VISION

*(Eye Sight without glasses)*

| | | Right Eye | Left Eye |
|---|---|---|---|
| 1. | Distant Vision | ......... Snellen | ........... Snellen |
| 2. | Near Vision | ......... Snellen | ........... Snellen |
| 3. | Field of Vision | ......... | |

*(Specify whether full or not. Entries such as 'normal' 'good' etc., will be inappropriate here).*

4. Colour Blindness ……………
5. Squint ……………
6. Any morbid conditions of the eye or lid of either eye.

She is physically fit for the post of Fire woman (Trainee) in Fire and rescue Services.

Signature

Place: Name and Designation of the Medical Officer

Date:

*(Office Seal)*

കുറിപ്പ്: കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ/ആവറേജ്, മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുളള വിധത്തിൽ അല്ലാത്ത സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

8. ബോണ്ട്: ഈ തസ്തികയിൽ നിയമിക്കപ്പെടുന്നയാൾ പരിശീലനത്തിനു ശേഷം കുറഞ്ഞത് 7 വർഷം നിർബന്ധമായും ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ സേവനം അനുഷ്ഠിക്കേണ്ടതാണ്. അതിനു കഴിയാതെ വന്നാൽ 50,000 രൂപ സംസ്ഥാന ഗവൺമെന്റിന് ഒടുക്കാമെന്ന് കാണിക്കുന്ന ഒരു ബോണ്ട് *(as in Annexure I – GO(Ms)No. 128/19/Home dated 21.08.2019)* നിയമന സമയത്ത് നൽകേണ്ടതാണ്.

## ANNEXURE I

( Stamp Rs.100)

KNOW ALL MEN BY THESE PRESENTS that we, Smt …………………………………………………………………….(Name and Address) …………………………………………… (here in after called the bounden) and sri ……………………………………………. (Name and Address) (here in after called the sureties) do here by bind ourselves and each of us, our and each of our heirs, executors and administrators jointly and severally to pay to the Governor of Kerala (here in after referred to as 'the Government' on demand the sum of Rs. ……….. together with a further sum of Rs. ……………. As liquidated damages.

Signed and dated this ………………….. day of …… 20…..
Signed by the bounden Smt ………………………
In the Presence of witnesses:
1
2
Signed by the sureties;

1. Sri …………………
2. Sri …………………

In the presence of witnesses:
1
2

Whereas the bounden has been recruited as ………………….. in the Kerala state Fire force and selected to undergo training in ……………… for a period of ……………………………

Where as the Government have agreed to pay the bounden during the period of the said training a suitable allowance to meet her personal expense and also to meet the coast of the said training on condition that after successful completion of training the bounden shall serve the government for a period of …………. years and subject to the terms and conditions here in after appearing and the bounden and sureties have agreed to the same.

Now the condition of the above written obligation is that the instructions conveyed to her regarding the said training or regarding her conduct during the course of the training or in the event of the bounden nor successfully completing the course of training within the said period of ……… years, or on the completion of the said training refusing to serve the government as called upon by the Government in any capacity consistent with her qualification and experience for a minimum period of

……………… years or in the event of the bounden deserting the Fire Force before the expiry of the said period of ……………. Years, the bounden and the sureties shall forth with pay to the Government on demand and without demur a sum of Rs ………………. (Rupees …………………… Only) together with a sum of Rs. ………….. (rupees ……………..Only) as liquidated damages and in the matter of deciding what monies are to be paid by the bounden and the sureties, the decision of the Government shall be final and legally binding on the bounden and the sureties and upon the payment of such sum the above written obligation shall be void and of no effect, otherwise this shall remain in full force and effect.

Provided that in case the bounden fails to complete the obligatory service of ………………. Years after her joining duty on completion of training the bounden shall pay only the proportionate amount equal to the portion of the shortfall of service to the period of ……………….. years together with a sum of Rs. …………. (Rupees ………………… Only) by way of liquidated damages.

Provided further that the bounden and sureties do here by agree that all sums found due to the government under or by virtue of this bond may be recovered jointly and severally from them and their properties movable and immovable, as if such dues were arrears of land revenue under the provisions of the Revenue Recovery Act for the time being in force or in such manner as the government may deem it.

The liability of the sureties under this bond is co-extensive with that of the bounden and shall not be affected by the Government giving time or any other indulgence to the bounden or by the government, varying any of the terms and conditions here in contained.

Signed by the bounden smt ………………………………..

In the presence of Witness

(1)

(2)

Signed by the Sureties Sri ………………………………..

Sri ………………………………..

In the presence of witness

(1)

(2)

9. **<u>പ്രൊബേഷൻ</u>**-ഈ തസ്തികയിൽ നിയമിതനാകുന്ന ഓരോ ഉദ്യോഗാർത്ഥിയും ട്രെയിനിംഗും പരീക്ഷയും പൂർത്തിയാക്കിയ ശേഷം ഡ്യൂട്ടിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്നു വർഷത്തിനുള്ളിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും.

10. **<u>ട്രെയിനിംഗ്:</u>**

(i)സ്റ്റേറ്റ് ഫയർ സർവ്വീസ് ട്രെയിനിംഗ് സ്കൂളിലോ അതിനായി നിശ്ചയിച്ചിരിക്കുന്ന മറ്റ് ഏതെങ്കിലും സ്ഥാപനത്തിലോ ആറ് മാസത്തേ പരിശീലനം പൂർത്തിയാക്കേണ്ടതും, അതിനു ശേഷം പരിശീലനത്തിന് അനുശാസിച്ചിട്ടുള്ള വിഷയങ്ങളിൽ പരീക്ഷ പാസ്സാകേണ്ടതുമാണ്.

കുറിപ്പ്: സ്റ്റേറ്റ് ഫയർ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിയ പരീക്ഷകളിൽ യോഗ്യത നേടുന്നവരുടെ സീനിയോറിറ്റി നിശ്ചയിക്കുന്നത് പി.എസ്.സി യിൽ നിന്നും ലഭിച്ച നിയമന ശിപാർശയുടെ Date of Effective Advice ന്റെ അടിസ്ഥാനത്തിലായിരിക്കുന്നതും അവർക്ക് നിയമനം നൽകുന്നത് ട്രെയിനിംഗ് പൂർത്തിയാക്കിയതിന് ശേഷം സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിലുമായിരിക്കും.

(ii)മേൽപ്പറഞ്ഞ പരിശീലനത്തിനു ശേഷം ഏതെങ്കിലും ഒരു ഫയർ സ്റ്റേഷനിൽ ആറ് മാസത്തെ പ്രായോഗിക പരിശീലനം പൂർത്തിയാക്കേണ്ടതും പരിശീലനത്തിന് അനുശാസിച്ചിട്ടുള്ള വിഷയങ്ങളിൽ പരീക്ഷ പാസ്സാകേണ്ടതുമാണ്.

കുറിപ്പ്: ട്രെയിനിംഗ് കാലയളവിന്റെ അവസാന രണ്ടാഴ്ചയിൽ ഒരു എഴുത്തു പരീക്ഷയും ഒരു പ്രായോഗിക പരീക്ഷയും നടത്തുന്നതും അവയിൽ പരാജയപ്പെടുന്നവരുടെ ട്രെയിനിംഗ് ഒരു മാസത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതും വീണ്ടും അവർക്ക് പരാജയപ്പെട്ട വിഷയങ്ങളിൽ ടെസ്റ്റ് നടത്തുന്നതുമാണ്. പുനഃപരീക്ഷയിൽ പരാജയപ്പെടുന്നവർക്ക് കോഴ്സ് പാസ്സാകുന്നതിന് ഫയർ ആന്റ് റെസ്ക്യൂ ഡയറക്ടർ മൂന്നാമതൊരു അവസരം കൂടി നൽകുന്നതാണ്. അതിലും പരാജയപ്പെടുന്ന വരെ സർവ്വീസിൽ നിന്ന് വിടുതൽ ചെയ്യുന്നതാണ്.

(iii)പരിശീലനകാലത്ത് അടിസ്ഥാന ശമ്പളം സ്റ്റൈപെൻഡായി നൽകുന്നതാണ്. പരീശീലനം വിജയകരമായി പൂർത്തിയാക്കുന്നവർ ജോലിയിൽ പ്രവേശിച്ചാൽ അവർക്ക് ട്രെയിനിംഗ് പിരീയഡിലെ വേതനവും അലവൻസുകളും ലഭ്യമാകുന്നതാണ്. അവസാന പരീക്ഷ ഉൾപ്പെടെയുള്ള പരിശീലന കാലയളവ് ഡ്യൂട്ടിയായി കണക്കാക്കുന്നതാണ്.

## 11. അപേക്ഷ സമർപ്പിക്കേണ്ട രീതി:

ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. അവരുടെ user ID യും Password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം Profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ 31/12/2010 നോ അതിനു ശേഷമോ എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് Upload ചെയ്ത ഫോട്ടോയ്ക്ക് 10 വർഷക്കാലത്തേക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലെ വിവരങ്ങൾ പ്രൊഫൈലിലെ രജിസ്ട്രേഷൻ കാർഡ് എന്ന ലിങ്കിൽ ലഭ്യമാണ്. Application link click ചെയ്ത് അപേക്ഷയുടെ പ്രിന്റ് എടുത്ത് സൂക്ഷിക്കാവുന്നതാണ്. Password രഹസ്യമായി സൂക്ഷിക്കേണ്ടതും, വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ്

വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്താനോ അപേക്ഷ ഒഴിവാക്കുവാനോ കഴിയില്ല. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

**12.** വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകിയ ശേഷം പരീക്ഷയ്ക്ക് സ്ഥിരീകരണം നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് എതിരെ Rules of Procedure Rule 22 പ്രകാരം ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

**13.** അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി **23.12.2020** ബുധനാഴ്ച രാത്രി 12 മണി വരെ.

**14.** അപേക്ഷകൾ അയക്കേണ്ട മേൽവിലാസം : www.keralapsc.gov.in

**15.** ഈ തെരഞ്ഞെടുപ്പിന് എഴുത്ത്/ ഒ.എം.ആർ/ ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാക്കുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്.

(വിശദവിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതുവ്യവസ്ഥകൾ നിർബന്ധമായും നോക്കുക)

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ